# The Orthodox Christian Youth Movement of the East

Yuhanon Mar Policarpos Metropolitan
President
Orthodox Youth Centre
St. Thomas Bhavan
Old Seminary Road, Kottayam - 686001
Tel : 0481 2583997

MALANKARA ORTHODOX SYRIAN CHURCH ✣ ORTHODOX CHRISTIAN YOUTH MOVEMENT OF THE EAST ✣ 2009 ✣ PRESIDENT ✣ YUHANON MAR POLICARPOS METROPOLITAN

P. B. No. 61
Thrikkunnath Seminary, Aluva - 1
Tel : 0484 26243339, Fax : 0484 2622339

**OCYM/31/2011**

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തകരും, ഭാരവാഹികളും, അവരെ നയിക്കുന്ന ബഹുമാന്യരായ വൈദികർക്കും വാഴ്വ് !

നിങ്ങൾക്ക് എന്റെ ഹൃദയം നിറഞ്ഞ സ്നേഹാശംസകളും പ്രാർത്ഥനകളും അറിയിക്കുന്നു. മൂന്ന് കാര്യങ്ങൾ ഞാൻ ഇവിടെ കുറിക്കട്ടെ. ഓഗസ്റ്റ് 26-ാം തിയതി വെള്ളിയാഴ്ച കാസർകോഡിലെ അരുവഞ്ചാലിൽ നിന്നും ആരംഭിച്ച ലഹരിവിരുദ്ധ സന്ദേശയാത്ര ദൈവാനുഗ്രഹത്താൽ ഓഗസ്റ്റ് 30-ാം തിയതി ചൊവ്വാഴ്ച തിരുവനന്തപുരം പാളയം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ സമാപിക്കുകയുണ്ടായി. വിവിധ ഇടങ്ങളിൽ ഈ യാത്രയ്ക്ക് കിട്ടിയ സ്നേഹോഷ്മളമായ സ്വീകരണത്തിന്റെ കാരണക്കാർ നിങ്ങളാണ്. നിങ്ങളുടെ കഠിനാധ്വാനവും പ്രാർത്ഥനയും പ്രവർത്തനവും ഇതിന് മൂലകാരണങ്ങളാണ്. ഒന്ന് രണ്ട് സ്ഥലങ്ങളിലെ പ്രവർത്തകരുടെ നിർജീവത്വം എന്നെ വല്ലാതെ വേദനിപ്പിക്കുകയും ചെയ്തു. എന്നാൽ ഉദ്ദേശിച്ചതിൽ പതിൻമടങ്ങ് ഗംഭീര സ്വീകരണങ്ങൾ നൽകിയ ഭദ്രാസനങ്ങളുടെ പേരുകൾ എടുത്ത് പറയണമെന്നുണ്ട്, പക്ഷെ, ഈ സമയത്ത് ഞാൻ അതിന് മുതിരുന്നില്ല. തുമ്പമൺ ഭദ്രാസനത്തിലെ തണ്ണിത്തോട് മാർ അന്തോണീസ് ഓർത്തഡോക്സ് പള്ളിയിലെ യുവജനപ്രസ്ഥാനക്കാരുടെ തെരുവു നാടകം ഈ യാത്രയ്ക്ക് കൊഴുപ്പേകി. ആ കുഞ്ഞുങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ. ഈ കാര്യത്തിന് നേതൃത്വം നൽകിയ കമ്മറ്റി അംഗങ്ങളെ പ്രത്യേകം ശ്ലാഘിക്കുന്നു.

പ്രിയ മക്കളെ, ഈ മാസം 11-ാം തിയതി ഞായറാഴ്ച മുതൽ 18-ാം തിയതി ഞായറാഴ്ച വരെ പരി.സഭയുടെ മേലധ്യക്ഷനായ പരി.കാതോലിക്ക ബാവായുടെയും കണ്ടനാട് ഭദ്രാസനത്തിന്റെ അധിപനായ അഭി.മാർ സേവേറിയോസ് തിരുമേനിയുടെയും നേതൃത്വത്തിൽ കോലഞ്ചേരിയിൽ നടന്ന ഉപവാസ ദിവസങ്ങളിൽ പരി.സഭയുടെ കേരളത്തിലെയും ഇന്ത്യയിലെയും ലോകത്തിന്റെ നാനാഭാഗത്തു നിന്നുള്ള മക്കളുടെ പ്രവർത്തനം സഭയോടുള്ള നിങ്ങളുടെ കരുതലും പ്രാർത്ഥനയും പ്രവർത്തനവും മാറ്റുരക്കുന്നതായിരുന്നു. യുവജനങ്ങൾക്ക് ആവേശം കൂടുമെങ്കിലും ആത്മീയ പിതാക്കന്മാർ തരുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കാതെ ആത്മ നിയന്ത്രണം പാലിച്ച് നിങ്ങൾ സഭയോടുള്ള വിശ്വാസവും സ്നേഹവും കേരള സർക്കാരിനോടുള്ള പ്രതിഷേധവും അറിയിക്കുകയുണ്ടായി. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു. പരി.സഭയോടും പരി.ബാവയോടുമുള്ള നിങ്ങളുടെ ആദരവിനും കൂറിനും ഞാൻ എങ്ങനെയാണ് നന്ദി പറയേണ്ടതെന്നറിയില്ല. അണപൊട്ടി ഒഴുകിയ നിങ്ങളുടെ സ്നേഹത്തിന് ഞാൻ ദൈവത്തിന് നന്ദി പറയുന്നു. എന്റെ സഹപ്രവർത്തകരായ ജേക്കബ് മാത്യു അച്ചനും, സ്റ്റീഫൻ വർഗീസ് അച്ചനും, ശ്രീ.ഉമ്മൻ ജോൺ മറ്റ് കേന്ദ്ര,എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾക്കും വിവിധ ഭദ്രാസനത്തിലെ ഭാരവാഹികൾക്കും വൈദികർക്കും ശേഷം എല്ലാ പ്രവർത്തകർക്കും സ്നേഹത്തിന്റെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

2011 ഒക്ടോബർ മാസം 5-ാം തിയതി (ബുധൻ) മുതൽ 8-ാം തിയതി (ശനി) വരെ ഡൽഹി ഹൗസ്കാസ് പള്ളിയിൽ വച്ച് നമ്മുടെ ഈ വർഷത്തെ വാർഷീക സമ്മേളനവും പ്ലാറ്റിനം ജൂബിലിയുടെ സമാപനവുമാണ്. ആയതിന്റെ നടത്തിപ്പ് ദൈവ ഹിതമായി തീരുവാൻ മക്കളെ നിങ്ങൾ പ്രാർത്ഥിക്കുകയും, പ്രവർത്തിക്കുകയും വേണം. രജിസ്ട്രർ ചെയ്തിട്ടുള്ള എല്ലാവരും പ്രാർത്ഥനാപൂർവ്വം സംബന്ധിക്കുകയും ചെയ്യണം. നമ്മുടെ സഭയുടെ അന്തസ് പാലിക്കത്തക്കവണ്ണം ദൈവം നമ്മെ നടത്തട്ടെ.

ശേഷം പിന്നാലെ

ദൈവം അനുഗ്രഹിക്കട്ടെ

2011 സെപ്റ്റംബർ 20-ാം തിയതി
ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ നിന്നും

യൂഹാനോൻ മാർ പോളികാർപ്പോസ്
മെത്രാപ്പോലീത്ത